# ശ്രീ. എൻ. വി. കൃഷ്ണവാര്യർ അവതരിപ്പിച്ച പ്രബന്ധം.

# സ്വതന്ത്രഭാരതത്തിൽ ആദ്ധ്യാത്മികനിലവാരം അധഃപതിച്ചിട്ടുണ്ടോ?

പ്രശ്നം വ്യക്തമാക്കുന്നതിന് അതിന്റെ രൂപമൊന്നു മാററുന്നതു നന്നായിരിക്കും: സ്വാതന്ത്ര്യലാഭത്തിന്നു ശേഷം ഇന്ത്യയിൽ ധാർമ്മികവും സദാചാരവുമായ നിലവാരം അധഃപതിക്കുകയാണോ ഉണ്ടായിട്ടുള്ളതു്? "അതേ" എന്നാണ് എന്റെ ഉത്തരം.

## സാമൂഹ്യലക്ഷ്യവും സാമൂഹ്യചർച്ചയും.

ഒരു ജനതയുടെ ധാർമ്മികനിലവാരം ഉയർത്തുന്നതിൽ ഏററവുമധികം ശക്തമായ ഉപാധി, തങ്ങൾക്കൊരു സാമൂഹ്യലക്ഷ്യം—National Purpose—ഉണ്ടെന്ന ധാരണയാകുന്നു. വ്യക്തമായ ഒരു സാമൂഹ്യലക്ഷ്യം ഉണ്ടായിരിക്കുമ്പോൾ, ആ ലക്ഷ്യത്തിന്റെ പ്രാപ്തിക്കു് അതാതു കാലത്തു കൈക്കൊള്ളേണ്ട മാർഗ്ഗങ്ങൾ, അപ്പോഴപ്പോൾ ഉണ്ടാകുന്ന ജയപരാജയങ്ങൾ, പ്രവൃത്തിപരിപാടിയിൽ വരുത്തേണ്ട മാററങ്ങൾ മുതലായവയെസ്സംബന്ധിച്ച ഒരു സാമൂഹ്യചർച്ച—National dialogue—പത്രങ്ങളിലൂടെയും പ്രസംഗങ്ങളിലൂടെയും നിരന്തരം നടന്നുകൊണ്ടിരിക്കും. ഈ സാമൂഹ്യചർച്ചയിലൂടെ ധാർമ്മികവും സദാചാരപരവുമായ പ്രശ്നങ്ങളെപ്പററി സാധാരണ ജനങ്ങൾ ബോധവാന്മാരായിത്തീരുകയും, ഈ ബോധം അവരുടെ ആചരണത്തിൽ പ്രതിഫലിക്കുകയും ചെയ്യും.

സ്വാതന്ത്ര്യലബ്ധി വരെ ഇന്ത്യയ്ക്കു് ഇത്തരമൊരു സാമൂഹ്യലക്ഷ്യം ഉണ്ടായിരുന്നു—പാരതന്ത്ര്യത്തിൽനിന്നുള്ള മോചനം. വ്യത്യസ്തങ്ങളായ മാർഗ്ഗങ്ങളിലൂടെ കക്ഷികളും കക്ഷിരഹിതരായ വ്യക്തികളും എല്ലാം പ്രയത്നിച്ചുവന്നതു് ഈ ലക്ഷ്യത്തെ മുമ്പിൽ, ദൂരെ, കണ്ടുകൊണ്ടാണ്. നമ്മുടെ ഏററവും വലിയ രാഷ്ട്രീയകക്ഷി സ്വാതന്ത്ര്യലബ്ധിക്കു കൈക്കൊണ്ടതു് ന്യായവും സമാധാനപരവുമായ മാർഗ്ഗമായിരുന്നു. അത്രയും പോരെന്നും, ആ മാർഗ്ഗവും സത്യവും അഹിംസാത്മകവുമാകണമെന്നും മഹാത്മാഗാന്ധി വാദിച്ചുപോന്നു. ഹിംസാത്മകമായാൽ പോലും ഒരു സ്വാതന്ത്ര്യസമരം അങ്ങേ അററത്തെ ത്യാഗവും സഹനശക്തിയും ആർജ്ജവവും ജനങ്ങളിൽനിന്നാവശ്യപ്പെടുന്നുണ്ട്. സമരം അഹിംസാത്മകമാകുമ്പോൾ ജനങ്ങളുടെ ത്യാഗസഹിഷ്ണുതാദികളുടെ മാത്ര എത്രയോ വർദ്ധിക്കേണ്ടിവരുന്നു. ജനങ്ങളിലുണ്ടായിരിക്കേണ്ട ഈ ഗുണങ്ങളെപ്പററിയും, അവരിൽ ഉള്ള കുറവുകളെപ്പററിയും, അവ പരിഹരിക്കേണ്ട വിധത്തെപ്പററിയും നിരന്തരമായ ഒരു സാമൂഹ്യചർച്ച ഗാന്ധിജിയുടെ നേതൃത്വത്തിൽ ആയിരമായിരം പ്രസിദ്ധീകരണങ്ങളിലൂടെയും പ്രസംഗമണ്ഡപങ്ങളിലൂടെയും ഇവിടെ അനുസ്യൂതമായി നടന്നുവന്നു. ഇതിന്റെ ഫലമായി സ്വാതന്ത്ര്യസമരകാലത്തു് ഇന്ത്യയിൽ ഉന്നതമായ ധാർമ്മികബോധത്തിന്റേതായ ഒരന്തരീക്ഷം നിലവിലുണ്ടായിരുന്നു.

## ലക്ഷ്യബോധം നഷ്ടപ്പെട്ടു.

സ്വാതന്ത്ര്യലബ്ധിയോടുകൂടി പാരതന്ത്ര്യത്തിൽനിന്നുള്ള വിമോചനമെന്ന സാമൂഹ്യലക്ഷ്യം ഭാരതീയജനതയ്ക്കു് നഷ്ടപ്പെട്ടു. ഉയർന്ന ജീവിതതോതു്, ജനാധിപത്യസോഷ്യലിസം, സ്വാതന്ത്ര്യസംരക്ഷണം മുതലായ ലക്ഷ്യങ്ങൾ അതിന്റെ സ്ഥാനത്തു് നിലവിൽ വന്നു. ഈ ലക്ഷ്യങ്ങൾക്കൊന്നിന്നും സാധാരണജനങ്ങളെ ആകർഷിക്കാനാവശ്യമായ വൈശദ്യമോ ഉജ്ജ്വലതയോ കൈവന്നിട്ടില്ല. ഓരോരുത്തരും ഇവയെ വ്യാഖ്യാനിക്കുന്നതു് ഓരോ രീതിയിലാണ്.

ഈ ലക്ഷ്യങ്ങൾ നിലവിൽ വരുത്തുന്നതിനു നാം കൈക്കൊണ്ട മാർഗ്ഗം ത്യാഗത്തിലേറെ ഭോഗത്തിലൂന്നുന്നതാണ്. ജനങ്ങളുടെ ധനശക്തിയും പ്രയത്നശക്തിയും മുഴുവൻ നിയന്ത്രിച്ച് സംഭരിച്ച് വ്യവസായവല്ക്കരണത്തിലോ രാഷ്ട്രവല്ക്കരണത്തിലോ നിക്ഷേപിക്കുവാൻ നാം ഒരുങ്ങിയില്ല. അങ്ങിനെ ചെയ്താൽ അത് ഏകാധിപത്യത്തിലേയ്ക്കായിരിക്കും നയിക്കുക എന്നു നാം ഭയപ്പെട്ടു. അതിനാൽ വ്യവസായവല്ക്കരണത്തിനു വേണ്ട വിഭവങ്ങളിൽ വലിയൊരുഭാഗം വിദേശങ്ങളിൽനിന്നു കടമായും കമ്മിപ്പണമായും നാം ഉണ്ടാക്കി. ജനങ്ങളിൽനിന്നു വലിയ ത്യാഗമൊന്നും ആവശ്യപ്പെടാതെ, അവരുടെ കൈയിൽ കാശ് കൂടുതലാകുവാൻ ഈ നയം ഉപകരിച്ചു. ഉപഭോഗസാധനങ്ങളുടെ നിർമ്മാണത്തിൽ ഇന്ത്യയിൽ വലിയ നിയന്ത്രണമൊന്നും ഏർപ്പെടുത്തപ്പെട്ടില്ല. വിദേശത്തുണ്ടാകുന്ന ഉപഭോഗസാധനങ്ങളുടെ ഇറക്കുമതിയിൽ ചുമത്തിയ നിയന്ത്രണങ്ങൾ നാമമാത്രങ്ങളായിരുന്നു. അതിനാൽ, കാശുള്ള ആൾക്കു, എന്ത് ഉപഭോഗവസ്തുക്കൾ വേണമെങ്കിലും, ഇവിടെ സംഭരിയ്ക്കാൻ സാധിക്കുന്നു. ഇതിന്റെയൊക്കെ ഫലമായി നാളെ നമ്മുടെ രാഷ്ട്രത്തെ സമ്പന്നവും ശക്തവുമാക്കുന്നതിന്നുപകരിയ്ക്കുന്ന പ്രവർത്തനങ്ങളിൽ ജനങ്ങൾക്കു ശ്രദ്ധയില്ലാതെയായി. അതൊക്കെ ഗവർമ്മേണ്ടിന്റെ മാത്രം ചുമതലയാണെന്ന വിശ്വാസം വേരൂന്നി. അപ്പോൾപ്പിന്നെ ജനങ്ങളുടെ ചുമതലയോ? കൂടുതൽ കാശുണ്ടാക്കുക, കൂടുതൽ ഉപഭോഗസാമഗ്രികൾ വാങ്ങിക്കൂട്ടുക, കൂടുതൽ സുഖിയ്ക്കുക!

## ഏതു മാർഗ്ഗവുമാവാം.

കാശുണ്ടാക്കാൻ ന്യായവും സമാധാനപരവുമായ മാർഗ്ഗങ്ങൾ വേണമെന്നില്ല. ഏതു മാർഗ്ഗവും ആവാം. ഏററവും ഫലപ്രദമായ മാർഗ്ഗം അധികാരത്തിൽ കടന്നുകൂടലാണ്. വ്യവസായംകൊണ്ടു കാശുണ്ടാക്കാൻ മൂലധനം വേണം, സാങ്കേതികപരിജ്ഞാനം വേണം, തൊഴിലാളികളുടെ സഹകരണം വേണം, വില്പനയ്ക്കുള്ള സംഘടന വേണം, നികുതിപിരിവുദ്യോഗസ്ഥന്മാരുടെ കാരുണ്യം വേണം—പലതും വേണം. കൃഷികൊണ്ടു കാശുണ്ടാക്കാൻ പ്രകൃതിയുടെ കാരുണ്യം വേണം—വേറെയും പലതും വേണം. ഡോക്ടരോ വക്കീലോ എൻജിനീയറോ മറെറാ ആയി കാശുണ്ടാക്കാൻ പഠിപ്പുവേണം, പ്രതിഭവേണം, സാഹചര്യങ്ങൾ വേണം, ഭാഗ്യവും വേണം. ഇതൊന്നുമില്ലാതെ കാശുണ്ടാക്കാൻ ഏററവും എളുപ്പവും സദ്യഃഫലപ്രദവുമായ മാർഗ്ഗം അധികാരസമ്പാദനമാകുന്നു. അതിനാൽ അധികാരം പിടിച്ചുപററുക! അതുപയോഗിച്ച്, കഴിയുന്നത്ര കാശുണ്ടാക്കുക! ഇതിലൊരു തെററും ആരും ഇന്നു കാണുന്നില്ല. ഇതിന്റെ ഫലമായി അധികാരകേന്ദ്രങ്ങൾ ദുഷിച്ചു; തുടന്ന് ഏററവും താഴത്തെ തലംവരെയുള്ള ഭരണകൂടവും. കൈക്കൂലി അപവാദമല്ലാതെ ഉത്സർഗ്ഗമായിത്തീന്നു. ഭരണകൂടത്തിലെ ദുഷിപ്പ് സംകാര്യസ്ഥാപനങ്ങളിൽ അസഹ്യമായ ചീച്ചൽ ഉളവാക്കി. സ്കൂളിലും ആസ്പത്രിയിലും റയിൽവെസ്റ്റേഷനിലും എല്ലാം കൈക്കൂലിയായി.

കരിഞ്ചന്ത ഈ അന്തരീക്ഷത്തിൽ തഴച്ചുവളന്നാൽ അത്ഭുതമുണ്ടോ? സുലഭമായി കിട്ടുന്ന പഞ്ചസാരപോലെയുള്ള സാധനങ്ങൾപോലും കരിഞ്ചന്തയിൽപ്പോയി. സിമൻറ്, ഭക്ഷ്യധാന്യങ്ങൾ മുതലായ നിത്യോപയോഗസാധനങ്ങൾ വേണ്ടത്ര വേണ്ടസമയത്തു നൽകുന്ന കരിഞ്ചന്ത ഒരനുഗ്രഹമാണെന്ന നിലവരെ എത്തി.

കരിഞ്ചന്തയുടെ ഉടപ്പിറപ്പാണ് മായംചേക്കൽ. ഭക്ഷ്യവസ്തുക്കൾ, ഔഷധങ്ങൾ, എന്തിന്, ശുദ്ധജലംപോലും—മായംചേത്തേ കിട്ടു എന്ന നില വന്നു. ഓരോ പ്രസവവും സ്ത്രീയെസ്സംബന്ധിച്ചിടത്തോളം ജീവിതമരണ പ്രശ്നമായിരുന്നു പണ്ട്. ഓരോ ഭക്ഷണവും, എല്ലാവരെസ്സംബന്ധിച്ചിടത്തോളം, ജീവിതമരണപ്രശ്നമായിരിയ്ക്കുന്നു ഇന്ന്. അല്പംമുമ്പ് നാം കുടിച്ച ചായയിലെ തേയിലയിലോ പഞ്ചസാരയിലോ ഫോളിഡോൾ കലന്നിട്ടില്ലെങ്കിൽ, അതിന്ന് ദൈവം വാഴ്ത്തപ്പെടട്ടെ!

മായംചേക്കൽപോലെതന്നെ സാവ്വത്രികമാണ് കള്ളക്കടത്ത്. സ്വണ്ണമോ, ഇറക്കുമതി നിയന്ത്രിച്ച മററ് നൂറായിരംകൂട്ടം സാധനങ്ങളോ, എവിടേയും ലഭിയ്ക്കും—വില കൊടുക്കണമെന്നു മാത്രം! കള്ളക്കാച്ചും കള്ളക്കള്ളുകച്ചവടവും ഇതിൻെറ കൂട്ടത്തിൽപ്പറയാവുന്ന വ്യാപാരങ്ങളാണ്. മദ്യം എവിടേയും കിട്ടും; മദ്യവർജ്ജനമേഖലയിൽ കൂടുതൽ സുലഭമായി അത് ലഭിയ്ക്കുന്നു.

നികുതിവെട്ടിയ്ക്കൽ ഒരു വലിയ പ്രസ്ഥാനമായി വളന്നിട്ടുണ്ട്. അതിന്ന് വിദഗ്ദ്ധോപദേശം നൽകുവാൻ ഉന്നതസ്ഥാപനങ്ങൾ നിലവിൽവന്നിരിയ്ക്കുന്നു.

മനുഷ്യൻെറ പ്രതിഭ, സാങ്കേതികജ്ഞാനം മുതലായവയിലും മായംചേക്കൽ സാവ്വത്രികമായിരിക്കുന്നു. കാശുകൊടുത്താൽ ഏതു പരീക്ഷയും ജയിയ്ക്കാമെന്നാണ് പൊതുവെ വിശ്വാസം—കാശുകൊടുത്താലേ ഉയന്ന റാങ്കുകളോടുകൂടി ജയിയ്ക്കാനാവൂ എന്നും. പരീക്ഷയാണല്ലോ പ്രതിഭയുടെയും സാങ്കേതികജ്ഞാനത്തിൻെറയും മാനദണ്ഡം. പരീക്ഷകഴിഞ്ഞ്, അധികാരസ്ഥാനങ്ങളിലേയ്ക്കു കയറിപ്പററുന്നതിന്നിടയ്ക്കുള്ള മററ പടികളിലും ചുങ്കം വസൂലാക്കുന്ന ഏപ്പാട് നിലവിൽവന്നിട്ടുള്ളതായി പരക്കെ വിശ്വസിച്ചുവരുന്നുണ്ട്.

## പുതിയ പുരുഷാത്ഥങ്ങൾ.

ധമ്മാത്ഥകാമമോക്ഷങ്ങളായിരുന്നു പണ്ടത്തെ പുരുഷാത്ഥങ്ങൾ. ഇന്ന് അത്ഥമെന്ന ഒരടിസ്ഥാനപുരുഷാത്ഥമേ ഉള്ളൂ. അത്ഥത്തിന്ന് ഉപായമെന്ന നിലയിൽ അധികാരത്തെയും ഒരു പുരുഷാത്ഥമായി കണക്കാക്കാം. അത്ഥത്തിൽനിന്ന് മാനം, ബലം, കീത്തി എന്നീ ഫലപുരുഷാത്ഥങ്ങളുണ്ടാകുന്നു. ആധുനികലോകത്തിലെ പരിവത്തനങ്ങളും യുദ്ധഭീതിയും മററും നിമിത്തം, ഭാവിഭദ്രതയ്ക്കുവേണ്ടിയുള്ള വെമ്പൽ മുമ്പെന്നുമുണ്ടായിരുന്നിട്ടില്ലാത്തവിധം ഇന്നു വദ്ധിച്ചിട്ടുണ്ട്. താനെത്രതന്നെ സമ്പാദിച്ചാലും, തൻെറ കാലശേഷം കുട്ടികൾ പട്ടിണിയായേയ്ക്കുമെന്ന ഭയം ഇക്കാലത്ത് ആരിലും കാണാം. ഇതുമൂലം, എത്ര സമ്പാദിച്ചാലും ആക്കും തൃപ്തിയില്ല. ലക്ഷപ്രഭു ഇന്നു നിസ്സാരനാണ്; കോടീശ്വരൻ വെറും സാധാരണനും. അത് ഏതായാലും, ധനം, അധികാരം, മാനം, ബലം, കീത്തി, ഭദ്രത എന്നിവയാണ് ഇന്നത്തെ പുരുഷാത്ഥങ്ങളെന്നു പറയുന്നതിൽ തെററില്ല.

## ഇതു മതിയോ ?

ഇതൊരു ദുസ്ഥിതിയാണോ? അല്ലെന്നും, വ്യവസായവൽകൃതലോകത്തിൻെറ സ്വാഭാവികമായ പോക്ക് ഈ വഴിയ്ക്കൊക്കെത്തന്നെയാണെന്നും വാദിയ്ക്കുന്നവരുണ്ട്. നാൾതോറും ഉയന്നുവരുന്ന ജീവിതനിലവാരത്തിൻെറ പിന്നാലെയുള്ള ഈ പരക്കംപാച്ചിൽ അഭിവൃദ്ധിയുടെയും ആധുനികത്വത്തിൻെറയും ലക്ഷണമാണെന്ന് വിശ്വസിക്കുന്നവരുമുണ്ട്. എന്നാൽ, ഇന്ത്യയെപ്പോലെ ജനസംഖ്യപെരുത്ത ഒരു ദരിദ്രരാജ്യത്ത് ഈ പോക്ക് ആപത്തിലേയ്ക്കാണെന്നു കരുതുന്നവരും ഇല്ലായ്കയില്ല. ദരിദ്രരും ധനികരും തമ്മിലുള്ള അന്തരം ഇവിടെ അതിവേഗത്തിൽ വദ്ധിച്ചുവരുകയാണ്. ദേശീയസമ്പത്ത് പെരുകുന്നുണ്ടെങ്കിൽക്കൂടി, അത് ചുരുക്കം ചില വ്യക്തികളുടെ കൈയിൽ കുന്നിച്ചുകൂടുവാനുള്ള വാസന കാണിയ്ക്കുന്നു. ഇതിൻെറ അനിവാര്യമായ ഫലം ഭാവിയിൽ വ്യാപകമായ അസ്വാസ്ഥ്യമായിരിക്കും. വിപ്ലവത്തിലേയ്ക്കും, ഇടതുപക്ഷത്തിൻേറതോ വലതുപക്ഷത്തിൻേറതോ ആയ ഏകാധിപത്യത്തിലേയ്ക്കും ഈ അസ്വാസ്ഥ്യം നമ്മുടെ രാജ്യത്തെ എത്തിച്ചേയ്ക്കാം.

## സാമ്പത്തികവും രാഷ്ട്രീയവും.

ധാമ്മികവും നൈതികവുമായ മൂല്യങ്ങളെക്കുറിച്ചുള്ള ഒരു ചച്ചയിൽ ഇങ്ങിനെ സാമ്പത്തിക—രാഷ്ട്രീയപ്രശ്നങ്ങൾ വലിച്ചുകൊണ്ടുവരേണ്ടതുണ്ടോ? "ഉണ്ട്" എന്നാ

ണത്തരം. ഒരു രാജ്യത്തിലെ ധാമ്മികനിലവാരം അവിടത്തെ ഭരണകൂടത്തെ ആശ്ര യിച്ചിരിയ്ക്കുന്നു; ഭരണകൂടമാകട്ടെ സാമ്പത്തികഘടനയേയും.

മനു പറയുന്നു:

കൃതം ത്രേതായുഗം ചൈവ
ദ്വാപരം കലിരേവ ച
രാജ്ഞോ വൃത്താനി സവ്വാണി
രാജാ കാലസ്യ കാരണം.

രാജാവിന്റെ, അതായത് ഭരണകൂടത്തിന്റെ, പ്രവൃത്തിയെ ആശ്രയിച്ചാണ് യുഗവ്യവസ്ഥ, അതായത് ജനങ്ങളുടെ ധാമ്മികനിലവാരത്തിന്റെ ഏററക്കുറച്ചിൽ, നിലകൊള്ളുന്നത്.

## പരിഹാരം.

ഈ ധാമ്മികാധഃപതനത്തിന്റെ പരിഹാരമെന്ത്? ഒററവാക്കിൽ ഇതിന്നൊരു ത്തരം പറയാനാവില്ല. ഭാരതം ഒരു മതനിരപേക്ഷരാഷ്ട്രം—സെക്യൂലർസ്റ്റേററ്— ആയതുകൊണ്ടല്ല ഈ അധഃപതനം. ഇന്ത്യയെപ്പോലുള്ള ഒരു നാനാമതരാഷ്ട്രത്തിൽ ഏതെങ്കിലുമൊരു മതമോ മതങ്ങളോ സ്റ്റേററിന്റെ മതമായി പ്രഖ്യാപിയ്ക്കുക സാധ്യ മല്ലെന്ന് മാത്രമാണ് ഇന്ത്യ സെക്യൂലർസ്റ്റേററാണെന്നു പറയുന്നതിന്റെ അത്ഥം. മതം ഒരിക്കലും ധാമ്മികാധഃപതനത്തിന്നു പരിഹാരമല്ല. മതബോധം ഏററവുമ ധികം മുററിനിന്ന കാലത്ത് ധാമ്മികവും സദാചാരപരവുമായ അധഃപതനം അതി ന്റെ നെല്ലിപ്പടിയിലെത്തിയിരുന്നു എന്നതിന്നു മധ്യകാലയൂറോപ്പിന്റെയും ഉത്തര ബൌദ്ധകാലത്തിലെ ഭാരതത്തിന്റേയും ചരിത്രം തെളിവാണ്. മതം വ്യക്തികളെ സംസ്കരിച്ചേയ്ക്കാം; രാഷ്ട്രത്തെ സംസ്കരിയ്ക്കാൻ അതു പോരതന്നെ.

രാഷ്ട്രത്തിന്റെ ധാമ്മികനിലവാരം ഉയത്താൻ ചെയ്യേണ്ടതു രാഷ്ട്രത്തിന്നു വ്യക്ത മായ ഒരു ലക്ഷ്യവും ആ ലക്ഷ്യത്തിലേയ്ക്കു നയിക്കുന്ന നിശ്ചിതമായ ഒരു മാഗ്ഗവും നൽകുകയാണ്. "ജനാധിപത്യസോഷ്യലിസ"മെന്ന ആദശത്തെ, വേണമെങ്കിൽ, അത്തരമൊരു വിശദലക്ഷ്യമാക്കിത്തീക്കാൻ സാധിയ്ക്കും. അതിലേയ്ക്കുള്ള മാഗ്ഗമാ കട്ടെ, കൂടുതൽ നിയന്ത്രിതവും അയവില്ലാത്തതും, വൈദേശികസഹായത്തേക്കാ ളേറെ രാജ്യവാസികളുടെ ത്യാഗത്തെ ആശ്രയിയ്ക്കുന്നതുമായ പദ്ധതിപ്രവത്തനമായി രിക്കണം. ഇന്നത്തെ വൻതോതിലുള്ള സാമ്പത്തികമായ ഉച്ചനീചത്വം കശനമായ നടപടികൾവഴി പരിഹരിക്കുന്നതിലൂടെയേ സാധാരണ ജനങ്ങളിൽ ത്യാഗമനോഭാവം ഉണത്താൻ കഴിയൂ. അതോടൊപ്പം അഴിമതികൾ ഉടനടി ശിക്ഷിയ്ക്കപ്പെടുകയും, ശീഘ്രവും സുനിശ്ചിതവുമായ നീതി എല്ലാവക്കും നൽകാനുള്ള ഏപ്പാടുണ്ടാവുകയും വേണം. പറയലിന്നും പ്രവൃത്തിയ്ക്കും ഇടയിലുള്ള വിടവു് ഉടൻതന്നെ അടയ്ക്കണം. ഇതിന്നൊക്കെ ഒരററംവരെ ബലപ്രയോഗം ആവശ്യമായിവന്നേയ്ക്കാം; വ്യക്തിയുടെ അവകാശങ്ങളേക്കാൾ മേലെയാണ് സമുദായത്തിന്റെ ആവശ്യങ്ങളെന്ന തത്വം അംഗീകരിക്കുക, ഏതായാലും, ആവശ്യമായിവരും. നമ്മുടെ ഭരണഘടനയിലുൾ കൊള്ളിച്ചിട്ടുള്ള മൌലികാവകാശങ്ങളിൽ അടിസ്ഥാനപരമായ മാററം വരുത്തു ന്നത്, ഈ തത്വം അംഗീകരിച്ചാൽ, അനുപേക്ഷണീയമായിത്തീരും. എന്തും ചെയ്യാ നും പറയാനുമുള്ള ഇന്നത്തെ നമ്മുടെ സ്വാതന്ത്ര്യം കുറെയൊക്കെ ഇതിൻഫലമായി നഷ്ടപ്പെട്ടേയ്ക്കാം; നമ്മുടെ തെരുവുകളിൽനിന്നു കുററൻ മരനാടൻ കാറുകൾ അപ്രത്യ ക്ഷമായേയ്ക്കാം; പണക്കാക്ക് ഇന്നു ലഭ്യമായ പല സുഖസൌകര്യങ്ങളും കുറെക്കാല ത്തേയ്ക്കു കിട്ടുകയില്ലെന്നു വന്നേയ്ക്കാം; പക്ഷേ, രാജ്യത്തിന്റെ പൊതുനന്മയ്ക്കു് അങ്ങി നെയൊരു വഴിയേ ഞാൻ കാണുന്നുള്ളു.

---

നോമ്മൻ പ്രിൻടിങ്ങ് ബ്യൂറോ, കോഴിക്കോട്.